## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3729** 11/11/2019-ലെ മറുപടിക്ക്

## അന്തർ സംസ്ഥാന നദീജല കരാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അന്തർ സംസ്ഥാന നദീജല കരാറുകളിൽ കേരളം ഒപ്പു വച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കരാർ ഒപ്പുവച്ചിരിക്കുന്നത്; ഏതൊക്കെ നദികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) നദീജലം പങ്കു വയ്ക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി കരാറുകളിൽ കേരളം ഏർപ്പെട്ടിട്ടുണ്ട്. 09/11/1958 മുതൽ മുൻകാല പ്രബല്യത്തോടെ 29/05/1970-ൽ കേരളവും തമിഴ്നാടും ഒപ്പുവയ്ച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി) കരാർ, 19/08/1973-ൽ ഒപ്പു വെച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ , 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പു വെച്ച പെരിയാർപാട്ട കരാർ , 1970 ലെ മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നിവയാണ് അവ.<br>മേൽപ്പറഞ്ഞ അന്തർസംസ്ഥാന നദീജല കരാറുകൾ പ്രകാരം പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽപ്പെടുന്ന പെരിയാർ നദിയുടെ പോഷകനദികളായ ആനമലയാർ, നീരാർ നദികൾ, ചാലക്കുടിപ്പുഴയുടെ പോഷക നദികളായ ഷോളയാർ, പറമ്പിക്കുളം ആർ, തുണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ, ഭാരതപ്പുഴയുടെ പോഷക നദികളായ പാലാർ, ആളിയാർ എന്നിവയും മുല്ലപ്പെരിയാർ പാട്ടക്കരാറിൽ പെടുന്ന പെരിയാർ നദിയും, ശിരുവാണികുടിവെള്ള പദ്ധതി കരാറിൽപ്പെടുന്ന ശിരുവാണി നദിയും ഉൾപ്പെടുന്നു. |

| | |
|---|---|
| (സി) ഓരോ കരാറിലും കേരളത്തിന് എത്ര ജലം ലഭ്യമാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്; പ്രസ്തുത കരാർ പ്രകാരം കേരളത്തിന് ആവശ്യമായ ജല ലഭ്യത ഉറപ്പാക്കിയിട്ടുണ്ടോ; | സി) പ്രസ്തുത കരാറുകളിൽ പി.എ.പി കരാർ മുഖേന മാത്രമാണ് കേരളത്തിന് ജലം ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥയുള്ളത്. അത് പ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1 മുതൽ ജൂൺ 30 വരെ) മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ, കേരളത്തിന് 7.25 ടി.എം.സി ജലം നൽകേണ്ടതാണ്. കൂടാതെ കേരള ഷോളയാർ റിസർവ്വോയറിലെ ജലനിരപ്പ് സെപ്റ്റംബർ 1 നും ഫെബ്രുവരി 1 നും സമ്പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ നിലനിർത്തേണ്ടതും സെപ്റ്റംബർ 2 നും ജനുവരി 31 നും ഇടയിലുള്ള കാലയളവിൽ , കേരള ഷോളയാർ ജലസംഭരണി പൂർണ്ണ ജലസംഭരണ നിരപ്പിന് 5 അടി താഴെയായി (അതായത് +2658 അടി) നിർത്തേണ്ടതുണ്ട്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഓഫ് ഡാമുകളുടേയും ലോവർ നീരാർ ഡാമിന്റെയും തനതു നീരൊഴുക്ക് 16.35 ടി.എം.സിയിൽ കൂടുതൽ ആവുകയാണെങ്കിൽ 2.5 ടി.എം.സി വരെ ജലം കേരളത്തിന് ചിറ്റൂർ പുഴയിലേയ്ക്കും ബാക്കി ജലം ചാലക്കുടി പുഴയിലേയ്ക്കും അർഹതപ്പെട്ടതാണ്. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനതു നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്. എന്നാൽ കഴിഞ്ഞ ഏതാനും ജലവർഷങ്ങളിൽ കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട അളവിൽ ജലം, തമിഴ്നാട് ലഭ്യമാക്കിയിട്ടില്ല. |
| (ഡി)ഇല്ലെങ്കിൽ ജലലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ? | ഡി) പി.എ.പി കരാർ പ്രകാരമുള്ള ജലം ഉറപ്പാക്കുന്നതിന് യഥാസമയങ്ങളിൽ കേരളം ഉദ്യോഗസ്ഥ തലങ്ങളിലും സർക്കാർ തലത്തിലും തമിഴ്നാടുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ എടുക്കാറുണ്ട്. ഇതിനായി സംയുക്തജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിക്കാറുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ജലം പരമാവധി നേടിയെടുക്കുകയും ചെയ്തു വരുന്നു. |

ഇതിനു പുറമെ 28/01/2019 ന് ചേർന്ന 101-ാമത് ജെ.ഡബ്ല്യൂ.ആർ.ബി യോഗത്തിലും കേരളം ഈ വിഷയം ഉന്നയിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ അനുരഞ്ജനം ഉണ്ടാകാത്ത വിഷയങ്ങളിൽ , ജെ.ഡബ്ല്യൂ.ആർ.ഡി ചെയർമാൻ വിവരം ഇരു സംസ്ഥാനങ്ങളെ അറിയിക്കുകയും അതനുസരിച്ച് പ്രസ്തുത വിഷയങ്ങൾ സർക്കാർ തലത്തിൽ , തുടർനടപടികൾ സ്വീകരിക്കുന്നതിനായി തമിഴ്നാട് സർക്കാരിനെ അറിയിക്കുകയും ചെയ്തു. കൂടാതെ 02/04/2019,22/07/2019,29/08/2019 തീയതികളിൽ കരാർ പ്രകാരം വെള്ളം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സർക്കാരിന് കത്തുകളയച്ചിട്ടുണ്ട്. 25/09/2019 ൽ കൂടിയ കേരള തമിഴ്നാട് മുഖ്യമന്ത്രിമാരുടെ ചർച്ചയിൽ പി.എ.പി കരാർ പ്രകാരമുള്ള ജലവിഹിതം കേരളത്തിന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും തമിഴ്നാട് ഉറപ്പ് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**